**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in

വെബ്സൈറ്റ്: www.dhs.kerala.gov.in


---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമംതിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.അൻവർ എ,കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.Note No.EC2-1819/2022/DHS Dated:30.09.2024

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/23530/2024-EA3 Dated :28.02.2025,16.09.2025

**ഉത്തരവ് നം. DHS/23530/2024-EA3 തീയതി.01-11-2025**

കൊല്ലം പുനലൂർ താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ആയ ഡോ.അൻവർ എ **07.02.2017** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചിരുന്നു. ഡോ.അൻവർ എ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം, സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ ചികിത്സ മാനദണ്ഡങ്ങൾ എന്നിവ ലംഘിക്കുകയും, മാധ്യമപ്രവർത്തകരോട് നേരിട്ട് സംവദിക്കുകയും ചെയ്ത കുറ്റത്തിന് ടിയാളെ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ,തുടർന്ന് **1960** ലെ കെ സി ആസ് (സി ,സി &എ ) ചട്ടം **15** പ്രകാരം അച്ചടക്കനടപടി

സ്വീകരിക്കുകയും ചെയ്തിരുന്നു. സസ്പെൻഷനു ശേഷം സേവനത്തിൽ പുനഃപ്രവേശിപ്പിച്ചു കൊണ്ട് ഉത്തരവ് നൽകിയെങ്കിലും ടിയാൾ അനുമതി കൂടാതെ പിജി കോഴ്സിൽ പ്രവേശനം നേടുകയും ആയത് തുടരുകയും ചെയ്യുന്നത് വഴി അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്യുന്നു.

ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആൻ്റ് കോണ്ടക്റ്റ് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകുകയും ടി നോട്ടീസിൻ്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും കാരണം കാണിക്കൽ നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

(2) ടി സാഹചര്യത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.അൻവർ എ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ന്റെ വർക്ക് ആൻ്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ.അൻവർ എ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 01-11-2025 17:13:09

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

Dr.Anwar A

Thokkathu Veedu

Vavvakkavu

Oachira

Karunagapally

Kollam

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം

3. സൂപ്രണ്ട്,താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ കൊല്ലം

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ